സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 2

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ

കാര്യാലയം കോട്ടയം

01.02.2024 02.PM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Remya Krishnan Internal Vigilance Officer
2. Beeta Bhadran Asst. Town Planner LSGD Kottayam
3. Aju B Asst Exe.Engineer Vaikom Block Panchayath
4. Jayachandran P G Junior Superintentant JD Office Kottayam
5. Ganga S, Junior Superintentant JD Office Kottayam

അദാലത്തിൽ തീർപ്പാക്കിയ പരാതികൾ

മറവൻതുരുത്ത് പഞ്ചായത്ത്

1. അബ്ദുൽ ഹഫീസ് സമർപ്പിച്ച പരാതി അദാലത് സമിതി പരിഗണിച്ചു. അംഗീകൃത സർവ്വേ സ്കെച്ച് ഹാജരാക്കുന്നതിനും പ്ലോട്ടിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും പ്ലാനിൽ സമീപ റോഡിൻറെ വീതി കൃത്യമായി രേഖപ്പെടുത്തുന്നതിനും ടി സർവ്വേ നമ്പറിലെ പ്ലോട്ടുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഇല്ലാത്തതാണ് എന്നുമുള്ള സത്യവാങ്മൂലം ഹാജരാക്കുന്നതിനും കക്ഷിക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്നു സെക്രട്ടറി അദാലത്തിൽ അറിയിച്ചു. പ്ളോട്ടിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചെങ്കിൽ മാത്രമേ പ്ലാനിൽ രേഖപ്പെടുത്തിയ **setback** അളവുകളുടെ കൃത്യത അളന്നു ബോധ്യപെടുന്നതിനു കഴിയുകയുള്ളു എന്ന് സെക്രട്ടറി അറിയിച്ചു. ടി ന്യൂനതകൾ പരിഹരിച്ചു രേഖാമൂലം അപേക്ഷ പുനഃ സമർപ്പിച്ചാൽ മാത്രമേ പഞ്ചായത്തിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദാലത്തു തീരുമാനിച്ചു.
2. KCZMA പരാതിക്കാരന്റെ അപേക്ഷയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിച്ചു കത്ത് നല്കിയിട്ടുള്ളതാണ് ആയതിനാൽ ടിയാന്റെ അപേക്ഷയിൽ നിലവിൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല എന്നുള്ള വിവരം സെക്രട്ടറി ബോധിപ്പിച്ചു ആയതു അദാലത്തു സമിതി കക്ഷിയെ അറിയിച്ചു.
3. ബിനു സി ആർ സമർപ്പിച്ച പരാതി അദാലത്തു പരിഗണിച്ചു. KPBR 2019 ചട്ടം 5 (4 ) ക്രമ നമ്പർ 10 പ്രകാരം വ്യവസായം G1 ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്കു വേണ്ടതായ പൊല്യൂഷൻ കണ്ട്രോൾ ബോർഡിൻറെ സർട്ടിഫിക്കറ്റ് , റെവെന്യൂ സർവ്വേ സ്കെച്ചും അപേക്ഷകന് ഹാജരാക്കിയിട്ടില്ലാത്തതാണ് എന്നും കൂടാതെ അതിർത്തി കല്ലുകൾ പ്ലോട്ടിൽ സ്ഥാപിച്ചിട്ടില്ലാത്തതുമാണ് എന്നും പ്ലോട്ടിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചെങ്കിലും മാത്രമേ പ്ലാനിൽ രേഖപ്പെടുത്തിയ **setback** അളവുകളുടെ കൃത്യത അളന്നു ബോധ്യപെടുന്നതിനു കഴിയുകയുള്ളു എന്ന് സെക്രട്ടറി അറിയിച്ചു. ടി ന്യൂനതകൾ പരിഹരിച്ചു രേഖാമൂലം അപേക്ഷ പുനഃ

സമർപ്പിച്ചാൽ മാത്രമേ പഞ്ചായത്തിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദാലത്ത് തീരുമാനിച്ചു.ആയത് അദാലത്ത് സമിതി കക്ഷിയെ അറിയിച്ചു.

<u>തലയാഴം പഞ്ചായത്ത്</u>

1. അന്നമ്മ ജോസഫ് സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. ടി അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചു വരികയാണെന്ന് സെക്രട്ടറി അദാലത്ത് സമിതിയെ അറിയിച്ചു.
2. ശ്രീജ സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിച്ചു. നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് വേമ്പനാട്ടു കായലിന്റെ ഓരത്തു ശരിയായ രീതിയിൽ ഉള്ളതും മാലിന്യ സംസ്കരണത്തിന് ഏറെ പ്രാധാന്യം ഉള്ളതുമായ അവസരത്തിൽ ആവശ്യമായ മാലിന്യ സംസ്കരണ ഉപാധികൾ പോലും സ്ഥാപിക്കാതെ തുടങ്ങിയ ചെമ്മീൻ സംസ്കരണ ശാല CRZ നോട്ടിഫിക്കേഷൻ 2011, 8 ( III ) A 9 (III ) (1 ) പ്രകാരം **fish drying yacks, fish curing facilities, net mending yacks, ice plant, ice crushing units** മുതലായ കെട്ടിടങ്ങൾക്കു സമാനമായ ഗാനത്തിൽ ഉൾപ്പെടുത്തി സേവനം അനുവദിക്കാവുന്നതാണോ എന്നതിന് സ്പഷ്ടീകരണം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ബഹു KCZMA യ്ക്കു പഞ്ചായത്തു കത്ത് നല്കിയിട്ടുള്ളതും ആയതിന്റെ മറുപടി കത്ത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അപേക്ഷകയുടെ കെട്ടിടം റെഗുലറൈസ് ചെയ്തു റെഗുലർ നമ്പർ നല്കാൻ സാധിക്കു എന്ന് സെക്രട്ടറി അറിയിച്ചു ആകയാല് KCZMA യുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്തിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്ന് തീരുമാനിച്ചു.

<u>ഉദയനാപുരം പഞ്ചായത്ത്</u>

1. അനിൽകുമാർ സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനാണ് അപേക്ഷകൻ അപേക്ഷ സമർപ്പിച്ചത്. ആയത്തിലെ ന്യൂനതകൾ പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കുവാൻ പഞ്ചായത്തു ടിയാന് രേഖാമൂലം കത്ത് നല്കിയിട്ടുള്ളതാണ്. എന്നാൽ പരാതിക്കാരൻ അപാകത പരിഹരിച്ചു പ്ലാൻ പുനഃ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അദാലത്തിൽ അറിയിച്ചു. അപാകത പരിഹരിച്ചു പ്ലാൻ പുനഃ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദാലത് തീരുമാനിച്ചു.
2. ശ്രീമതി സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു.ഭൂമിയുടെ തരം മാറ്റി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നമ്പർ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദാലത് തീരുമാനിച്ചു.
3. മാനേജർ **st.marys hss** സമർപ്പിച്ച പരാതി അദാലത്തു പരിഗണിച്ചു. അപേക്ഷയിൽ കാണിച്ചിട്ടുള്ള സർവ്വേ നമ്പർ ഉൾപ്പെടുന്ന സർവ്വേ സ്കെച്ച് ലഭ്യമാക്കുന്നതിനായി ഉദയനാപുരം വില്ലേജ് ഓഫീസർ താലൂക് സർവേയർ (ഭൂരേഖ) എന്നിവർക്ക് കത്ത് നല്കിയിട്ടുല്ലതന്നെന്നും മറുപടി ലഭ്യമായാൽ ഉടൻ തന്നെ ടി അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു.

<u>ടി വി പുരം. പഞ്ചായത്ത്</u>

1. മഞ്ജു സമർപ്പിച്ച പരാതി അദാലത്തു പരിഗണിച്ചു.പരാതിക്കാരന്റെ വസ്തുവിൽ നിർമ്മാണം പൂർത്തീകരിച്ച താമസവശ്യത്തിനുള്ള കെട്ടിടം **crz** പരിധിയിൽ വരുന്നതാണ് ടി കെട്ടിടം പുതിയ നിർമാണം ആയതിനാൽ **KCZMA** യ്ക്കു

അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയില്ല എന്ന് സെക്രട്ടറി അറിയിച്ചു.

2. മോഹനൻ സമർപ്പിച്ച പരാതി അദാലത്ത് പരിഗണിച്ചു നിലവിലെ കെട്ടിടത്തിന്റെ വിസ്തീർണത്തിന്റെ അളവിൽ മാത്രം നിർമാണം നടത്താനുള്ള അനുമതിയാണ് KCZMA യിൽ നിന്നും ലഭിച്ചിട്ടുള്ളത് എന്നുള്ള വിവരം സെക്രട്ടറി അറിയിച്ചു.

<u>ചെമ്പ് പഞ്ചായത്ത്</u>

1. ലാലു സമർപ്പിച്ച പരാതി അദാലത്ത് പരിഗണിച്ചു. നിലവിലെ കെട്ടിടത്തിന്റെ വിസ്തീർണത്തിന്റെ അളവിൽ മാത്രം നിർമാണം നടത്താനുള്ള അനുമതിയാണ് KCZMA യിൽ നിന്നും ലഭിക്കുകയുള്ളു എന്നുള്ള വിവരം കക്ഷിയെ അറിയിച്ചു.

<u>വൈക്കം മുനിസിപ്പാലിറ്റി</u>

1. സത്യൻ സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. മുനിസിപ്പാലിറ്റി ആരോഗ്യ വിഭാഗത്തിനോട് പരാതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.

അദാലത്ത് കൃത്യം 4.30 മണിക്ക് അവസാനിച്ചു.

(signature)